**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2465** **24-06-2024 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയുടെയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെയും പരിധിയിൽ വരുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം യഥാക്രമം എത്ര വീതമാണെന്ന് പ്രത്യേകം വ്യക്തമാക്കാമോ; | (എ) | സ്പാർക്കിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെ പരിധിയിൽ 3,10,013 ജീവനക്കാരും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പരിധിയിൽ 1,93,362 ജീവനക്കാരും ഉണ്ട്. |
| (ബി) | പങ്കാളിത്ത പെൻഷന്റെ പരിധിയിൽ വരുന്ന ജീവനക്കാർ വിരമിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം തുക പെൻഷനായി ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഇല്ല.<br><br>പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം പെൻഷനായി ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ